2026
JANUARY
17
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യ, യുഎസ്, യൂറോപ്യൻ യൂണിയൻ
# വ്യാപാര കരാറുകൾ ഉടൻ

**ന്യൂഡൽഹി:** ഇന്ത്യ യുഎസുമായും യൂറോപ്യൻ യൂണിയനുമായും (ഇയു) പ്രധാന വ്യാപാര കരാറുകളിൽ ഒപ്പുവെക്കുന്നതിന് വളരെ അടുത്താണെന്ന് ഇന്ത്യയുടെ വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ പറഞ്ഞു. യുഎസിലേക്കു വരുന്ന ഇന്ത്യൻ ഉത്പന്നങ്ങൾക്ക് പ്രസിഡന്റ് ഡൊണൾഡ് ട്രംപ് ഉയർന്ന തീരുവ ചുമത്തിയ സാഹചര്യത്തിലാണു ചർച്ചകൾ പുരോഗമിക്കുന്നത്. അതേസമയം ഇന്ത്യ-യുഎസ് വ്യാപാര കരാർ എപ്പോൾ പ്രഖ്യാപിക്കുമെന്ന കാര്യത്തിൽ കൃത്യമായൊരു ഉത്തരം നൽകിയില്ല.

ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ, ഡെപ്യൂട്ടി യുഎസ്ടിആർ റിക്ക് സ്വിറ്റ്സർ എന്നിവരുടെ നേതൃത്വത്തിലുള്ള യുഎസ് ഉദ്യോഗസ്ഥരുടെ സംഘം 2025 ഡിസംബർ 10ന് പിയൂഷ് ഗോയലിനെയും പിറ്റേ ദിവസം രാജേഷ് അഗർവാളിനെയും കണ്ട് ചർച്ചകൾ നടത്തിയിരുന്നു. ഇന്ത്യൻ ഇറക്കുമതിക്ക് യുഎസ് 50% തീരുവ ഏർപ്പെടുത്തിയിട്ടും, യുഎസിലേക്കുള്ള കയറ്റുമതി ഇപ്പോഴും പോസിറ്റീവ് ട്രെൻഡ് നിലനിർത്തിയിട്ടുണ്ട്.

2025 ഡിസംബറിൽ യുഎസിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 7.01 ബില്യൺ ഡോളറിന്റേതായിരുന്നു. ഇതിനുള്ള കാരണം ഇലക്ട്രോണിക്സ്, ഫാർമ തുടങ്ങിയ ചില പ്രധാന ഉത്പന്നങ്ങൾക്ക് കനത്ത തീരുവ ചുമത്തുന്നില്ലെന്നതാണ്. അതേസമയം യൂറോപ്യൻ യൂണിയനുമായുള്ള ചർച്ചകൾ വ്യത്യസ്തമാണെന്നു വാണിജ്യ സെക്രട്ടറി പറഞ്ഞു. യൂറോപ്യൻ യൂണിയനുമായുള്ളത് ഒരു സ്വതന്ത്ര വ്യാപാര കരാറാണെന്നും വെറുമൊരു ഉഭയകക്ഷി കരാറല്ലെന്നും അദ്ദേഹം പറഞ്ഞു.



ഇന്ത്യ-ഇയു സ്വതന്ത്ര വ്യാപാര കരാറിലെ 24 അധ്യായങ്ങളിൽ കുറഞ്ഞത് 20 എണ്ണമെങ്കിലും അന്തിമമാക്കിയിട്ടുണ്ടെന്നും ഇരുപക്ഷവും ദൈനംദിന അടിസ്ഥാനത്തിൽ കരാറിന്റെ കാര്യങ്ങൾ സംസാരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജനുവരി 27നാണ് ഇന്ത്യ-ഇയു ഉച്ചകോടി നിശ്ചയിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ ലൂയിസ് സാൻറോസ് ഡാ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും ജനുവരി 25 മുതൽ 27 വരെ ഇന്ത്യ സന്ദർശിക്കുന്നുണ്ട്.

ജനുവരി 26ന് നടക്കുന്ന ഇന്ത്യയുടെ 77-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥികളായി ഇവർ പങ്കെടുക്കുന്നുണ്ട്. 27ന് നടക്കുന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടിയിൽ ഇരു നേതാക്കളും അധ്യക്ഷത വഹിക്കും. കഴിഞ്ഞ ആഴ്ച കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി പിയൂഷ് ഗോയലിന്റെ ബ്രസ്സൽസ് സന്ദർശനം ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ചർച്ചകളിൽ നിർണായകമായ ഒരു ചുവടുവയ്പ്പായിരുന്നു. ഗോയൽ വ്യാപാര, സാമ്പത്തിക സുരക്ഷാ കമ്മീഷണർ മാരോസ് സെഫ്കോവിച്ചുമായിട്ടാണു കൂടിക്കാഴ്ച നടത്തിയത്. തീർപ്പുകൽപ്പിക്കാത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കരാർ വേഗത്തിലാക്കുന്നതിനുമുള്ള സംഘങ്ങൾക്ക് ഇരുവരും മാർഗനിർദ്ദേശം നൽകുകയും ചെയ്തു.

# സഹകരണ നിക്ഷേപ യജ്ഞത്തിന് തുടക്കം

**കോട്ടയം:** തദ്ദേശ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കുന്ന വികസന വീക്ഷണമാണ് സർക്കാരിനുള്ളതെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. 46ാമത് സഹകരണ നിക്ഷേപയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

നിക്ഷേപ സമാഹരണത്തിനു മുന്നോടിയായി സഹകരണ മേഖലയിലെ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചു. ഇപ്പോൾ പൊതുമേഖലാ ബാങ്കുകളേക്കാൾ ഉയർന്ന പലിശയാണ് സഹകരണ മേഖല നിക്ഷേപങ്ങൾക്ക് നൽകുന്നത്. നാനൂറിലധികം ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന നിലയിലേക്ക് കേരളത്തിലെ സഹകരണ മേഖല വളർന്നതായി മന്ത്രി ചൂണ്ടിക്കാട്ടി.



പാമ്പാടി ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന സഹകരണ യൂണിയൻ ഡയറക്ടർ കെ.എം. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. നിക്ഷേപ സമാഹരണത്തിന്റെ സോഷ്യൽ മീഡിയ വീഡിയോ കാമ്പയിൻ സഹകരണ വകുപ്പ് രജിസ്ട്രാർ ഡോ. ഡി. സജിത്ത് ബാബു ഉദ്ഘാടനം ചെയ്തു.

ജനുവരി 15 മുതൽ ഫെബ്രുവരി 25 വരെയാണ് സഹകരണ നിക്ഷേപ യജ്ഞം. കേരള ബാങ്കിലെ വ്യക്തിഗത നിക്ഷേപത്തിലൂടെ 1000 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ 8000 കോടി രൂപയും സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

# കായികമേഖല അന്താരാഷ്ട്ര തലത്തിൽ ശക്തിപ്പെടുത്തൽ: സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ച് കായിക മന്ത്രാലയം

**ന്യൂഡൽഹി:** അന്താരാഷ്ട്ര ബന്ധങ്ങൾ, കായികരംഗത്തെ മെയ്ക്ക് ഇൻ ഇന്ത്യ എന്നിവയ്ക്കായി അതത് സംഘടനകൾക്കുള്ളിൽ സമർപ്പിത സമിതികൾ രൂപീകരിക്കാൻ മുഴുവൻ അംഗീകൃത ദേശീയ കായിക ഫെഡറേഷനുകളോടും (എൻഎസ്എഫ്) കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം നിർദ്ദേശിച്ചു.

കായികരംഗത്ത് ഇന്ത്യയുടെ അന്താരാഷ്ട്ര ഇടപെടൽ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ, മത്സര നിയമങ്ങളിലും ഘടനകളിലും വരുന്ന മാറ്റങ്ങൾ, ഭരണ ചട്ടക്കൂടുകൾ, തിരഞ്ഞെടുപ്പുകൾ, അത്‌ലറ്റ് കേന്ദ്രീകൃത പരിപാടികൾ എന്നിവയുൾപ്പെടെ പ്രസക്തമായ അന്താരാഷ്ട്ര ഫെഡറേഷനുകളിലെയും (ഐ.എഫ്) ഭൂഖണ്ഡാന്തര (കോണ്ടിനെന്റൽ) ഫെഡറേഷനുകളിലെയും (സി.എഫ്) പുരോഗതികൾ അന്താരാഷ്ട്ര ബന്ധ സമിതി നിരീക്ഷിക്കും. ഉഭയകക്ഷി, ബഹുമുഖ ധാരണാപത്രങ്ങൾ, സംയുക്ത പരിശീലന ക്യാമ്പുകൾ, വിനിമയ പരിപാടികൾ, അറിവ് പങ്കിടൽ സംരംഭങ്ങൾ, ഇന്ത്യയിൽ അന്താരാഷ്ട്ര കായിക മത്സരങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഇടക്കാല അന്താരാഷ്ട്ര സഹകരണ പദ്ധതിയും കമ്മിറ്റി രൂപവത്കരിക്കും. എല്ലാ അന്താരാഷ്ട്ര ഇടപെടലുകളും കേന്ദ്ര സർക്കാരിന്റെ നയങ്ങൾ, ഒളിമ്പിക് ചാർട്ടർ, ഐഎഫ് ചട്ടങ്ങൾ എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെന്നും സദ്ഭരണം, ഉത്തേജക വിരുദ്ധ അനുവർത്തനം, അത്‌ലറ്റുകളുടെ സംരക്ഷണം എന്നീ തത്വങ്ങൾ പാലിക്കുന്നുണ്ടെന്നും ഇത് ഉറപ്പാക്കും.

ഇന്ത്യൻ കായികതാരങ്ങൾക്ക് ഏറ്റവും മികച്ച തലത്തിലുള്ള പരിശീലന അവസരങ്ങളും കായിക ശാസ്ത്ര പിന്തുണയും ഉറപ്പാക്കുന്നതിന്, ഇതര ദേശീയ ഫെഡറേഷനുകളുമായും മുൻനിര അന്താരാഷ്ട്ര കായിക ഗവേഷണ, അക്കാദമിക സ്ഥാപനങ്ങളുമായുള്ള സഹകരണം സമിതി കൂടുതൽ ശക്തിപ്പെടുത്തും. ലേല പ്രക്രിയകളിൽ സമയബന്ധിതമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് അന്താരാഷ്ട്ര ഫെഡറേഷനുകളുമായും പ്രസക്തമായ സ്ഥാപനങ്ങളുമായും ഏകോപിപ്പിക്കുകയും, ഇന്ത്യയിൽ അന്താരാഷ്ട്ര പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും മന്ത്രാലയവുമായി മുൻകൂട്ടി പങ്കിടുകയും ചെയ്യും. വിവരങ്ങൾക്കും, ആവശ്യമെങ്കിൽ, നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മുൻകൂർ കൂടിയാലോചനയോ അനുമതിയോ നേടുകയും ചെയ്യും. കായിക രംഗത്തെ മെയ്ക്ക് ഇൻ ഇന്ത്യ സമിതി, ഇന്ത്യൻ നിർമ്മാതാക്കൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, പരിശോധനനിലവാര നിർണയ സ്ഥാപനങ്ങൾ എന്നിവരുമായി ഇടപഴകുന്നതിലൂടെ ബന്ധപ്പെട്ട കായിക ഇനത്തിലെ ഉൽപ്പന്ന വികസനം, പരീക്ഷണങ്ങൾ, സാക്ഷ്യപത്രങ്ങൾ എന്നിവ സുഗമമാക്കുകയും അതുവഴി മെയ്ക്ക് ഇൻ ഇന്ത്യ പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന ആഭ്യന്തര കായിക ഉത്പാദന ആവാസവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കൈവരിച്ച പുരോഗതി, നേരിട്ട പ്രതിബന്ധങ്ങൾ, എൻഎസ്എഫിനുള്ളിൽ പരിഗണിക്കേണ്ട ശുപാർശകൾ എന്നിവ ഉയർത്തിക്കാട്ടി, തദ്ദേശീയ പരിഹാരങ്ങൾ സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള ആനുകാലിക റിപ്പോർട്ടുകളും കമ്മിറ്റി തയ്യാറാക്കും,

അന്താരാഷ്ട്ര ബന്ധങ്ങൾക്കായി സമിതിയിൽ മുതിർന്ന ഫെഡറേഷൻ അംഗങ്ങൾ, മുൻ അന്താരാഷ്ട്ര അത്‌ലറ്റുകൾ, പരിശീലകർ, ആഗോള കായിക ഭരണത്തിലും നയതന്ത്രത്തിലും തെളിയിക്കപ്പെട്ട പരിചയമുള്ള വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെടും. ഘടന, റഫറൻസ് നിബന്ധനകൾ എന്നിവയുൾപ്പെടെയുള്ള സമിതിയുടെ വിശദാംശങ്ങൾ 30 ദിവസത്തിനുള്ളിൽ മന്ത്രാലയത്തെ അറിയിക്കാവുന്നതാണ്. കായികരംഗത്തെ മെയ്ക്ക് ഇൻ ഇന്ത്യ'യ്ക്കായുള്ള സമിതിയിൽ മുതിർന്ന ഫെഡറേഷൻ അംഗങ്ങൾ, സാങ്കേതിക വിദഗ്ധർ, മുൻ അന്താരാഷ്ട്ര അത്‌ലറ്റുകൾ, കായികോപകരണമേഖലയിലോ സാങ്കേതികവിദ്യയിലോ ഉത്പാദനരംഗത്തോ നിലവാരനിർണയ രംഗത്തോ പരിചയസമ്പന്നനായ ഒരു അംഗം എന്നിവർ ഉൾപ്പെടും.






# ഇന്നത്തെ പരിപാടികൾ

## കൊച്ചി

- **എം.ഇ.എസ്. കോളേജ് മാറമ്പള്ളി ക്യാമ്പസ് :** മെഗാ ജോബ് ഫെയർ - രാവിലെ 10 മുതൽ
- **എറണാകുളം ലെ മെറിഡിയൻ ഹോട്ടൽ:** യുഡിഎഫ് ഇൻഡസ്ട്രിയൽ കോൺക്ലേവ് - രാവിലെ 10 മുതൽ
- **ക്രൗൺപ്ലാസ ഹോട്ടൽ :** എംടിഎച്ച് റോബോ സമ്മിറ്റ് - വൈകീട്ട് 6.45ന്.
- **കൺവെൻഷൻ സെന്റർ ഫ്ലോറ എയർപോർട്ട് ഹോട്ടൽ :** കാർഷിക-ഭക്ഷ്യ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള കുടുംബശ്രീയുടെ കെ-ഇനം ഗ്ലോബൽ ലോഞ്ച് - ഉദ്ഘാടനം മന്ത്രി എം. ബി രാജേഷ് - രാവിലെ 10ന്.
- **എറണാകുളം ടൗൺ ഹാൾ :** ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ പാർട്ടി - ജനതാദൾ എസ് ലയന സമ്മേളനം - ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻ കുട്ടി - രാവിലെ 10 മണിക്ക്.

## അങ്കമാലി

- അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ : ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ - രാവിലെ 10.30ന്.

## തേവര

- തേവര സേക്രഡ് ഹാർട്ട് കോളേജ് ലേക്ക് വ്യൂ ഗ്രൗണ്ട് : എസ്.എച്ച് കോളേജ് വാർഷികാഘോഷത്തിന്റ ഭാഗമായി ഹാർട്ടി ഫെസ്റ്റും ഗുരുശ്രേഷ്ഠ അവാർഡും വൈകീട്ട് 6 മണിക്ക്.

## പറവൂർ

- പറവൂർ നഗരസഭ ടൗൺ ഹാൾ : കെ. എം സുധാകരൻ അനുസ്മരണം - രാവിലെ 11 മുതൽ

## പെരുമ്പാവൂർ

- **വേങ്ങൂർ മാർകൗമ ഹയർസെക്കണ്ടറി സ്കൂൾ :** 1976 എസ്എസ്എൽസി ബാച്ച് പൂർവവിദ്യാർഥി സംഗമം -രാവിലെ 9ന്.

## കോലഞ്ചേരി

- പെരിങ്ങോൾ സെന്റ് മേരീസ് സൺണ്ടേ സ്കൂൾ : മേഖലാ സമ്മേളനം - വൈകീട്ട് 6.30ന്.

## അങ്കമാലി

- **എടക്കുന്ന് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി :** പെരുന്നാൾ - രാവിലെ 8 മണി മുതൽ.




# തിരുവനന്തപുരം സിറ്റി പോലീസിന് ഇ-സ്കൂട്ടറുകൾ, ക്യാമറകൾ, റോഡ് ബാരിയറുകൾ സംഭാവന ചെയ്ത് യുഎസ്ടി

**തിരുവനന്തപുരം:** മുൻനിര എ ഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു.എസ്. ടി തങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്. ആർ) ഉദ്യമങ്ങളുടെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസിന് രണ്ട് ഇലക്ട്രിക് സ്കൂട്ടറുകൾ, ശരീരത്തിൽ ധരിക്കാവുന്ന നാല് ക്യാമറകൾ, പത്ത് റോഡ് ബാരിയറുകൾ എന്നിവ സംഭാവന ചെയ്തു.

തിരുവനന്തപുരം തൈക്കാടുള്ള പോലീസ് കമ്മീഷണറുടെ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ യു എസ് ടി ഉദ്യോഗസ്ഥർ ഈ ഉപകരണങ്ങൾ സിറ്റി പോലീസിന് കൈമാറി. മുൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറും ഡിഐജിയുമായ തോംസൺ ജോസ് ഐപിഎസ്; ഡെപ്യൂട്ടി കമ്മീഷണർമാരായ ടി. ഫറാഷ് ഐപിഎസ്, ദീപക് ധൻഖർ ഐപിഎസ്, സുൽഫിക്കർ എം. കെ; ട്രാഫിക് നോർത്ത് അസിസ്റ്റന്റ് കമ്മീഷണർ ജി. അനിൽ കുമാർ; ട്രാഫിക് സൗത്ത് അസിസ്റ്റന്റ് കമ്മീഷണർ ആർ. സുരേഷ് എന്നിവർ പങ്കെടുത്തു.

യുഎസ് ടിയിൽ നിന്ന് തിരുവനന്തപുരം കേന്ദ്രം മേധാവി ശിൽപ മേനോൻ; ബിസിനസ് ആൻഡ് ഓപ്പറേഷൻസ് ജനറൽ മാനേജർ ഷെഫി അൻവർ; വർക്ക്പ്ലേസ് മാനേജ്മെന്റ് ആൻഡ് ഓപ്പറേഷൻസ് സീനിയർ ഡയറക്ടർ ഹരികൃഷ്ണൻ മോഹൻകുമാർ; വർക്ക്പ്ലേസ് മാനേജ്മെന്റ് ഡയറക്ടർ വിജിൽ നായർ; സിഎസ്ആർ ലീഡ് വിനീത് മോഹനൻ; സീനിയർ പി ആർ ലീഡ് റോഷ്നി കെ ദാസ് എന്നിവർ സംബന്ധിച്ചു.



# ശാസ്ത്ര ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് സംഘടിപ്പിച്ചു

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചി ലോർഡും ശാസ്ത്ര ട്രസ്റ്റും സംയുക്തമായി ഇടപ്പള്ളി കാംപ്യൻ സ്കൂളിൽ ശാസ്ത്ര ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് സംഘടിപ്പിച്ചു. ചാർട്ടർ പ്രസിഡന്റും കാംപ്യൻ സ്കൂൾ ഡയറക്ടറുമായ റോട്ടേറിയൻ കെ. വി തോമസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. ഡീൻ റോട്ടേറിയൻ ലീലാമ്മ തോമസ്, ക്ലബ് പ്രസിഡന്റ് ജോജി ഗീവർഗീസ് , സെക്രട്ടറി വിഷ്ണു ദാസ് തുടങ്ങിയവർ പങ്കെടുത്തു. പിഡിജി റൊട്ടേറിയൻ ബാബു ജോസഫ് വിജയകൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു.

# ക്ലീൻ ടോയ്‌ലറ്റ് പിക്ചർ ചലഞ്ച്' ജൂൺ വരെ നീട്ടി

**കൊച്ചി:** ദേശീയപാതകളിലെ ശൗചാലയങ്ങളുടെ ശുചിത്വവും യാത്രക്കാരുടെ അനുഭവവും കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, ദേശീയ പാത അതോറിറ്റിയുടെ പൗര കേന്ദ്രീകൃത സംരംഭമായ 'ക്ലീൻ ടോയ്‌ലറ്റ് പിക്ചർ ചലഞ്ച്' 2026 ജൂൺ 30 വരെ നീട്ടി. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനോടൊപ്പം പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും, ഈ സംരംഭവുമായി ബന്ധിപ്പിച്ചിട്ടുള്ള ഫാസ്ടാഗ് റീചാർജ്ജ് റിവാർഡുകൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് കാലാവധി നീട്ടിയത്.

സമയപരിധി നീട്ടിയിട്ടുള്ള ഈ പ്രചാരണ പരിപാടിക്ക് കീഴിൽ, ദേശീയപാത ഉപഭോക്താക്കൾ പങ്കുവെയ്ക്കുന്ന വൃത്തിയുള്ള ശൗചാലയങ്ങളുടെ ചിത്രങ്ങൾ ദിവസേന വിലയിരുത്തും. പദ്ധതി പ്രകാരം അർഹമായ ക്ലെയിമുകൾ സമയബന്ധിതമായി പരിഗണിക്കും. ചിത്രങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി അഞ്ച് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വാഹന രജിസ്ട്രേഷൻ നമ്പറിലേക്ക് ഫാസ്ടാഗ് റീചാർജ്ജ് റിവാർഡ് ക്രെഡിറ്റ് ചെയ്യുമെന്നും അധികൃതർ വ്യക്തമാക്കി.

ദേശീയപാതകളിലെ ടോൾ പ്ലാസകളിലുള്ള വൃത്തിഹീനമായ ശൗചാലയങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്യാൻ യാത്രക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി 2025 സെപ്റ്റംബറിലാണ് അതോറിട്ടി ഈ സവിശേഷമായ ക്ലീൻ ടോയ്‌ലറ്റ് പിക്ചർ ചലഞ്ച് ആരംഭിച്ചത്. ഏകദേശം 350 യാത്രക്കാർ വൃത്തിഹീനമായ ശൗചാലയങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയും, അതിൽ അർഹരായ 265 പേർക്ക് ഫാസ്ടാഗ് റീചാർജ്ജ് സമ്മാനമായി നൽകുകയും ചെയ്തു.

ഈ പദ്ധതി എല്ലാ ദേശീയപാത ഉപഭോക്താക്കൾക്കും പ്രയോജനപ്പെടുത്താം. ദേശീയപാത ഉപയോഗിക്കുന്നവർക്ക് 'രാജ്മാർഗ് യാത്ര' മൊബൈൽ ആപ്ലിക്കേഷന്റെ ഏറ്റവും പുതിയ പതിപ്പിലൂടെ വൃത്തിഹീനമായ ശൗചാലയങ്ങളുടെ വ്യക്തമായതും, ജിയോടാഗ് ചെയ്തതും, സമയം രേഖപ്പെടുത്തിയതുമായ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്ത് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ചിത്രങ്ങൾ സമർപ്പിക്കുമ്പോൾ പേര്, സ്ഥലം, വാഹന രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ അടിസ്ഥാന വിവരങ്ങളും ഉപഭോക്താക്കൾ നൽകേണ്ടതുണ്ട്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന അർഹമായ ഓരോ വാഹന രജിസ്ട്രേഷൻ നമ്പറിനും 1,000 രൂപ (ആയിരം രൂപ മാത്രം) വീതം ഫാസ്ടാഗ് റീചാർജ്ജായി ലഭിക്കും. ഈ തുക ബന്ധിപ്പിച്ചിട്ടുള്ള വാഹന നമ്പറിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. പദ്ധതിയുടെ കാലാവധിയിലുടനീളം ഒരു വാഹന നമ്പറിന് ഒരു തവണ മാത്രമേ റിവാർഡിന് അർഹതയുണ്ടാകൂ. റിവാർഡ് കൈമാറ്റം ചെയ്യാൻ സാധിക്കാത്തതും പണമായി കൈപ്പറ്റാൻ കഴിയാത്തതുമാണ്. ഓരോ ദേശീയപാത ശൗചാലയത്തേയും സംബന്ധിച്ച റിപ്പോർട്ടുകൾ ഒരു ദിവസം ഒരു തവണ മാത്രമേ റിവാർഡിനായി പരിഗണിക്കുകയുള്ളൂ. ആ ശൗചാലയത്തെക്കുറിച്ച് എത്ര റിപ്പോർട്ടുകൾ ലഭിച്ചാലും ഇത് ബാധകമാണ്. ഒരേ ശൗചാലയത്തെക്കുറിച്ച് ഒരേ ദിവസം ഒന്നിലധികം റിപ്പോർട്ടുകൾ ലഭിക്കുകയാണെങ്കിൽ, രാജ്മാർഗ് യാത്ര ആപ്പ് വഴി ആദ്യം ലഭിക്കുന്ന സാധുവായ റിപ്പോർട്ടിനെ മാത്രമായിരിക്കും സമ്മാനത്തിനായി പരിഗണിക്കുക.

ദേശീയപാത അതോറിട്ടിയുടെ അധികാരപരിധിയിലുള്ളതോ, അതോറിട്ടി നേരിട്ട് നിർമ്മിച്ചതോ, പ്രവർത്തിപ്പിക്കുന്നതോ, പരിപാലിക്കുന്നതോ ആയ ശൗചാലയങ്ങൾക്ക് മാത്രമാണ് പദ്ധതി ബാധകമാകുന്നത്. പെട്രോൾ പമ്പുകൾ, ധാബകൾ, അല്ലെങ്കിൽ അതോറിട്ടിയുടെ നിയന്ത്രണത്തിലല്ലാത്ത മറ്റ് പൊതു സൗകര്യങ്ങൾ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ശൗചാലയങ്ങളെ ഈ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സമർപ്പിക്കപ്പെടുന്ന എല്ലാ എൻട്രികളും നിർമ്മിതബുദ്ധിയുടെ സഹായത്തോടെയുള്ള സ്ക്രീനിംഗിനും, ആവശ്യമുള്ള പക്ഷം നേരിട്ടുള്ള പരിശോധനയ്ക്കും വിധേയമാക്കും.

# വെർച്വൽ തൊഴിൽമേള ഇന്ന്

**ആലപ്പുഴ:** വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി ജനുവരി 17 ന് വെർച്വൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള മുഖേന രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ചുവരെയാണ് മേള നടക്കുന്നത്. കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി പുന്നപ്ര, കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ് പുളിങ്കുന്ന്, കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് മാനേജ്മെന്റ് പുന്നപ്ര, കോളേജ് ഓഫ് എഞ്ചിനീയറിങ് ചേർത്തല എന്നിവിടങ്ങളിലെ എസ്ഡിപികെ സെന്ററുകളിലാണ് മേള ക്രമീകരിച്ചിട്ടുള്ളത്. യുഎഇ, സൗദി അറേബ്യ, ഒമാൻ, ഖത്തർ, കുവൈറ്റ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെ പ്രമുഖ കമ്പനികളിൽ കാഷ്യർ, സെയിൽസ് എക്സിക്യൂട്ടീവ്, സെക്യൂരിറ്റി സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ തസ്തികകളിലായി നൂറിലധികം ഒഴിവുകളുണ്ട്. തൊഴിലന്വേഷകർക്ക് ഡിഡബ്ല്യുഎംഎസ് പോർട്ടൽ വഴി ജനുവരി 17 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8078310312.

# പുനർദർഘാസ് ക്ഷണിച്ചു

**കൊച്ചി;** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലാതല ഐസിഡിഎസ് സെല്ലിന്റെ പരിധിയിൽ വരുന്ന അങ്കണവാടികളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന വർക്കർമാർക്ക് പരിശീലനം നൽകുന്നതിനായി ക്ലാസ് മുറി, താമസം, ഭക്ഷണം, വെള്ളം, ഇലക്ട്രിസിറ്റി, ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും പുനർ ദർഘാസ് ക്ഷണിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ചെറായി ബീച്ച് മാരത്തൺ സീസൺ3: ജേഴ്സി പ്രകാശനം ചെയ്തു

**കൊച്ചി:** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചെറായി റണ്ണേഴ്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിക്കുന്ന ചെറായി ബീച്ച് മാരത്തൺ സീസൺ 3ന്റെ ജേഴ്സി പ്രകാശനം ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർവഹിച്ചു.'ലഹരിമുക്തം ആരോഗ്യസംരക്ഷണം' എന്ന സന്ദേശവുമായി ജനുവരി 18 നാണ് മാരത്തൺ നടക്കുന്നത്. 21 കിലോമീറ്റർ, 10 കിലോമീറ്റർ വിഭാഗങ്ങൾക്ക് പുറമെ 5 കിലോമീറ്റർ ഫൺ റണ്ണും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.കുട്ടികൾ മുതൽ മുതിർന്നവർ വരെ പങ്കെടുക്കുന്നമാരത്തണിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക റണ്ണും ഉൾപ്പെടുത്തിയിട്ടുണ്ട് .

# കേരളത്തിന്റെ ചവിട്ടുനാടകം ഫോട്ടോ ബ്രസൽസ് ഫെസ്റ്റിവെൽ വെബ്സൈറ്റിൽ

**കൊച്ചി:** ബെൽജിയത്തിലെ ബ്രസൽസിൽ ജനുവരി 22 മുതൽ ഫെബ്രുവരി 22 വരെ നടക്കുന്ന ഫോട്ടോ ബ്രസൽസ് ഫെസ്റ്റിവെൽ 10ാം പതിപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കേരളത്തിന്റെ ചവിട്ടുനാടകവും. തിളങ്ങുന്ന വസ്ത്രം ധരിച്ച ചവിട്ടുനാടക കഥാപാത്രത്തിന്റെ ചിത്രം ഫെസ്റ്റിവൽ വെബ്സൈറ്റിലെ രണ്ടാമത്തെ ഫോട്ടോയായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ക്രിസ്ത്യൻ നൃത്തനാടക പാരമ്പര്യത്തെ ആഗോള ശ്രദ്ധയിൽ കൊണ്ടുവരാൻ ഇത് സഹായിക്കും. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ പിന്തുടരുന്ന ഫോട്ടോഗ്രാഫിക് പരിപാടികളിൽ ഒന്നാണ് ഫോട്ടോ ബ്രസൽസ് ഫെസ്റ്റിവെൽ. കേരള തീരത്തെ നൂറ്റാണ്ടുകൾക്ക് മുമ്പ് ആഗോള സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെയും സാംസ്കാരിക കൂട്ടായ്മകളുടെയും കേന്ദ്രമായി അടയാളപ്പെടുത്തിയ മുസിരിസ് പൈതൃകത്തെയും കലകളെയും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുന്ന സംസ്ഥാന സംരംഭമായ കൊച്ചി മുസിരിസ് ഹെറിറ്റേജ് പ്രോജക്ടുമായി സഹകരിക്കുന്ന പ്രമുഖ ഫോട്ടോഗ്രാഫർ കെ.ആർ സുനിലിന്റേതാണ് ഫോട്ടോ ബ്രസൽസ് അവതരിപ്പിച്ച ചിത്രം.

തീരദേശത്തുനിന്നുള്ള ചവിട്ടുനാടക കലാകാരന്മാരെ അവരുടെ ദൈനംദിന ജീവിതത്തിന്റെ ചട്ടക്കൂടിനുള്ളിൽ രേഖപ്പെടുത്തുന്ന സുനിലിന്റെ ഫോട്ടോഗ്രാഫിക് പരമ്പരയിൽ നിന്നാണ് ബ്രസൽസ് ഫെസ്റ്റിവെൽ വെബ്സൈറ്റിലേക്ക് ചിത്രം തെരഞ്ഞെടുത്തിട്ടുള്ളത്. കൊച്ചിയിലെ കടൽക്ഷോഭം ബാധിച്ച വീടുകൾക്ക് മുന്നിൽ നിർത്തിയാണ് കഥാപാത്ര വേഷത്തിൽ കലാകാരന്മാരുടെ ഫോട്ടോ എടുത്തിട്ടുള്ളത്. ഇത് ഒരേസമയം നാടക കഥാപാത്രങ്ങളുടെ ഗാംഭീര്യവും യഥാർഥ ജീവിതത്തിലെ കഷ്ടതകളെയും പകർത്തി പാരിസ്ഥിതിക അനിശ്ചിതത്വവും സാംസ്കാരിക അതിജീവനവും ചർച്ച ചെയ്യുന്നു.മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് ഈ മാസം ആദ്യം കൊച്ചിയിൽ സംഘടിപ്പിച്ച ആദ്യത്തെ അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനത്തിൽ ഈ ചിത്ര പരമ്പര പ്രദർശിപ്പിച്ചിരുന്നു. ആഴി ആർക്കൈവ്സിനു വേണ്ടി റിയാസ് കോമു ക്യുറേറ്റ് ചെയ്താണ് ഈ ചിത്രങ്ങൾ പ്രദർശിപ്പിച്ചത്.

കേരളത്തിൽ ഒട്ടേറെ പ്രദർശനങ്ങൾ നടത്തിയിട്ടുള്ള കെ.ആർ സുനിലിന്റെ ചിത്രങ്ങൾ ബ്രസൽസിലെ മൊഡെസ്റ്റി പെർഡ്രിയോലെ ഗാലറി, കൽക്കത്തയിലെ ബിർള അക്കാദമി ഓഫ് ആർട്ട് ആൻഡ് കൾച്ചർ, മുംബൈയിലെ സാക്ഷി ഗാലറി, യുഎസ്എയിലെ നെബ്രാസ്കയിലെ അസംബ്ലേജ് ആർട്ട് ഓഫ് ഇന്ത്യ റിഡക്സ് തുടങ്ങിയ സ്ഥലങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

# പുഞ്ചകൃഷിലെ ബ്ലാസ്റ്റ് രോഗബാധ: കർഷകർക്ക് നിർദ്ദേശങ്ങളുമായി കീടനിരീക്ഷണ കേന്ദ്രം

**ആലപ്പുഴ:** പുഞ്ചകൃഷിലെ ബ്ലാസ്റ്റ് രോഗബാധയ്ക്കും മുഞ്ഞയുടെ സാന്നിദ്ധ്യത്തിനും കർഷകർക്ക് പരിഹാര നിർദ്ദേശങ്ങളുമായി സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം.

പുന്നപ്ര, ചെന്നിത്തല, മാന്നാർ, ചാരുംമൂട്, തലവടി, ചമ്പക്കുളം എന്നീ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിതച്ച് 25 മുതൽ 65 ദിവസം വരെ പ്രായമായ വിവിധ പാടശേഖരങ്ങളിലായി ഏകദേശം 60 ഹെക്ടർ സ്ഥലത്ത് 'ബ്ലാസ്റ്റ് രോഗ ലക്ഷണങ്ങൾ കാണുന്നു. മനുരത്ന, പൗർണ്ണമി ഇനങ്ങളിലാണ് രോഗലക്ഷണങ്ങൾ കൂടുതലായി കാണുന്നത്. ആറ് മണിക്കൂറിൽ അധികം നെല്ലോലയിൽ ഈർപ്പം തങ്ങിനിൽക്കുന്ന സാഹചര്യത്തിലാണ് രോഗബാധയും രോഗവ്യാപനവും കൂടുതലാകുന്നത്. നൈട്രജൻ വളപ്രയോഗം അധികരിക്കുന്നതും നിലത്തിൽ തീരെ വെള്ളമില്ലാത്ത സാഹചര്യവും രോഗബാധ കൂടുന്നതിന് കാരണമാകും. 'ബ്ലാസ്റ്റ് രോഗബാധ തന്നെയാണെന്ന് ഉറപ്പാക്കിയതിനുശേഷം അനുയോജ്യമായ കുമിൾനാശിനി തളിക്കുക വഴി രോഗബാധ നിയന്ത്രിക്കാം എന്ന് കീടനിരീക്ഷണ കേന്ദ്രം നിർദ്ദേശിച്ചു.


കുമിൾനാശിനി പ്രയോഗത്തിന് ശേഷം പുതുതായി വരുന്ന ഇലകളിൽ രോഗലക്ഷണങ്ങൾ ഇല്ലായെന്ന് ഉറപ്പാക്കണം. ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് കുട്ടനാട്ടിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കൂടുതലായി കാണുന്നത്. പാടശേഖരങ്ങളിൽ നടത്തുന്ന മുൻകൂർ കീടനാശിനി പ്രയോഗങ്ങൾ പലപ്പോഴും പിന്നീട് മുഞ്ഞയുടെ ആക്രമണത്തിന് കാരണമാകാറുണ്ട്. അതിനാൽ ഇലപ്പേൻ, ചാഴി മുതലായ കീടങ്ങൾക്കെതിരെ കീടനാശിനി പ്രയോഗം നടത്തുന്നതിന് മുൻപ് കർഷകർ നിർബന്ധമായും സാങ്കേതിക നിർദ്ദേശം സ്വീകരിക്കണം. കീടരോഗബാധകൾ സംബന്ധിച്ച സംശയനിവാരണത്തിനും കൃഷിയിടം അടിയന്തരമായി സന്ദർശിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും കർഷകർക്ക് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി 9383470697 എന്ന നമ്പറിൽ ബന്ധപ്പെടാവുതാണ്.

# ധീര പദ്ധതി: മൂന്നാം ഘട്ടത്തിന് തുടക്കമായി

**മലപ്പുറം:** വനിതാ ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെൽ നടപ്പിലാക്കുന്ന ധീര പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് ജില്ലയിൽ തുടക്കമായി. മലപ്പുറം ഗവ. ബോയ്സ് ഹയർ സെക്കൻഡറി ഹൈസ്കൂളിൽ വെച്ച് പദ്ധതിയുടെ ഉദ്ഘാടനം ഹൈസ്കൂൾ പ്രധാനാധ്യാപിക ജയശ്രീ നിർവഹിച്ചു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർ പി. ഫവാസ് അധ്യക്ഷത വഹിച്ചു.

പെൺകുട്ടികൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ ചെറുക്കുന്നതിനും അവരെ കായികമായും മാനസികമായും തയ്യാറാക്കുക, തങ്ങൾക്കു നേരെയുണ്ടായേക്കാവുന്ന അതിക്രമങ്ങളെ കുറിച്ചും അതിക്രമങ്ങളിൽ നിന്ന് സ്വയരക്ഷ നേടേണ്ട മാർഗങ്ങളെക്കുറിച്ചും പെൺകുട്ടികളെ ബോധവതികളാക്കുക, അതിക്രമങ്ങളെ ഭയരഹിതമായി ചെറുക്കുന്നതിലേക്ക് സ്വയം പ്രതിരോധ ശേഷി വർധിപ്പിക്കുക, അവരുടെ ശാരീരികമാനസിക ആരോഗ്യം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

# മലയാളിക്ക് അമേരിക്കൻ അംഗീകാരം



വേണുഗോപാൽ പത്മനാഭൻ

**കൊച്ചി:** വിമാനത്താവളങ്ങളിൽ യാത്രക്കാരുടെ ബാഗേജ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനു കൃത്രിമ ബുദ്ധി അടിസ്ഥാനമാക്കി മലയാളിയായ വിംഗ് കമാൻഡർ വേണുഗോപാൽ പത്മനാഭൻ നിർമ്മിച്ച നവീന സാങ്കേതിക സംവിധാനത്തിന് അമേരിക്കൻ പേറ്റന്റ് ലഭിച്ചു.

ബാഗേജ് കൺവെയർ സംവിധാനങ്ങളിലെ അനധികൃത കൈകാര്യം, ഇടപെടൽ, അസാധാരണമായ നീക്കങ്ങൾ എന്നിവ തത്സമയം കണ്ടെത്താൻ കഴിയുന്ന വീഡിയോ വിശകലന സാങ്കേതികവിദ്യയാണ് ഈ പേറ്റന്റിന്റെ പ്രധാന സവിശേഷത.

ഇതിലൂടെ വിമാനത്താവള പ്രവർത്തനങ്ങളിൽ കൂടുതൽ സുരക്ഷയും കാര്യക്ഷമതയും ഉറപ്പാക്കുന്നു.

ബാംഗ്ലൂരിലെ എയർഫോഴ്സ് ടെക്നിക്കൽ കോളേജിൽ നിന്നും എംടെക് നേടിയ വേണുഗോപാൽ അമേരിക്കൻ ഡിഫൻസ് കമ്പനിയായ കൊള്ളിൻസ് ഏറോ സ്പേസിൽ ഡയറക്ടർ ആയിരുന്നു.

# ശാസ്ത്രീയമായ പാലിയേറ്റീവ് പരിചരണം കാലഘട്ടത്തിന്റെ ആവശ്യം

**കൊച്ചി:** ശാസ്ത്രീയമായി പാലിയേറ്റീവ് പരിചരണം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, കിടപ്പ് രോഗികൾക്ക് വേണ്ടി സാന്ത്വന പരിചരണ സേവനങ്ങളിൽ ഏർപ്പെടുന്നതിന് മുന്നോട്ടുവരുന്ന സന്നദ്ധ പ്രവർത്തകർക്ക് മതിയായ പരിശീലനം നൽകണമെന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. പാലിയേറ്റീവ് കെയർ ദിനാചരണവുമായി ബന്ധപ്പെട്ട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ട വിവിധ പദ്ധതികളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

ജില്ലയിലെ സന്നദ്ധ പ്രവർത്തകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഫെബ്രുവരി 15 വരെ നീണ്ടുനിൽക്കുന്ന വോളണ്ടിയർ രജിസ്ട്രേഷൻ ക്യാമ്പയിൻ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. ക്യാമ്പയിന്റെ ഭാഗമായി സാന്ത്വന പരിചരണത്തിന് താൽപ്പര്യമുള്ള എല്ലാവരേയും സംസ്ഥാന സർക്കാരിന്റെ https://kerala.care എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ആവശ്യമായ പരിശീലനം നൽകുന്നതിനും യോഗത്തിൽ ധാരണയായി. പരിശീലനത്തിന് ശേഷം വളണ്ടിയർമാർക്ക് അവർക്ക് അനുയോജ്യമായ സമയത്ത് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകമെന്നും യോഗം ആവശ്യപ്പെട്ടു.ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീദേവി മധു,എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ എസ്. ശ്യാമലക്ഷ്മി, ജില്ലാ പ്ലാനിങ് ഓഫീസർ ജി ഉല്ലാസ് തുടങ്ങിയവർ പങ്കെടുത്തു.

# 2025 ലെ സംസ്ഥാന ചലച്ചിത്ര അവാർഡ്: എൻട്രികൾ ക്ഷണിച്ചു

**തിരുവനന്തപുരം:** മലയാള ചലച്ചിത്രങ്ങൾക്കുള്ള 2025ലെ സംസ്ഥാന ചലച്ചിത്ര അവാർഡിന് ചലച്ചിത്ര അക്കാദമി എൻട്രികൾ ക്ഷണിച്ചു. 2025 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്ത കഥാചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, 2025ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക.

കഥാചിത്രങ്ങൾ ഓപ്പൺ ഡിസിപി(അൺഎൻക്രിപ്റ്റഡ്)/ബ്ലൂറേയായി സമർപ്പിക്കണം. www.keralafilm.com ൽ നിന്നും അപേക്ഷാ ഫോമും നിയമാവലിയും ഡൗൺലോഡ് ചെയ്യാം. തപാലിൽ ലഭിക്കാൻ 25 രൂപ സ്റ്റാമ്പ് പതിച്ച് മേൽവിലാസം എഴുതിയ കവർ സഹിതം സെക്രട്ടറി, കേരളസംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ പി.ഒ, കഴക്കൂട്ടം തിരുവനന്തപുരം 695 585. തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂളിന് സമീപമുള്ള സ്റ്റാച്യു റോഡിലെ അർച്ചന ബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ സിറ്റി ഓഫീസിൽനിന്നും നേരിട്ട് അപേക്ഷ ഫോം ലഭിക്കും.

അപേക്ഷകൾ ഫെബ്രുവരി 16ന് വൈകിട്ട് അഞ്ചിന് മുമ്പായി അക്കാദമി ഓഫീസിൽ ലഭിക്കണം.

# റോബോട്ടിക് സർജ്ജറിയെക്കുറിച്ച് കൂടുതൽ അറിയാം; എം.ടി.എച്ച് റോബോ സമ്മിറ്റ് ഇന്ന് കൊച്ചിയിൽ

**കൊച്ചി:** വൈദ്യശാസ്ത്ര രംഗത്തെ ആധുനിക സംവിധാനമായ റോബോട്ടിക് സർജറി സംബന്ധിച്ച് സമൂഹത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ഇന്ന് കൊച്ചിയിൽ "റോബോ സമ്മിറ്റ് " സംഘടിപ്പിക്കുമെന്ന് മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ്, ഡോ.സച്ചിൻ ജോസഫ്, ഡോ.അശോക് കുമാർ പിള്ള, ഡോ.ടി.സുനിൽ, ഡോ. ശ്യാം വിക്രം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. എറണാകുളം ക്രൗൺ പ്ലാസയിൽ നടക്കുന്ന സമ്മിറ്റിന്റെ ഉദ്ഘാടനം വൈകിട്ട് 6.45 ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എസ് ഡയസ് നിർവ്വഹിക്കും. ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ് അധ്യക്ഷത വഹിക്കും. തുടർന്ന് നടക്കുന്ന വൈദ്യശാസ്ത്ര സമ്മേളനത്തിൽ റോബോട്ടിക് സർജറിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഡോ. സച്ചിൻ ജോസഫ്, ഡോ. അശോക് കുമാർ പിള്ള, ഡോ. ടി. സുനിൽ, ഡോ. ശ്യാം വിക്രം തുടങ്ങിയവർ സംസാരിക്കും.

സമ്മിറ്റിനോടനുബന്ധിച്ച് ഇന്നലെ മുതൽ ഹോട്ടൽ അങ്കണത്തിൽ സജ്ജീകരിച്ച സർജറി റോബോട്ട് സംവിധാനമുള്ള ബസിൽ സന്ദർശനം നടത്തി റോബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് നേരിട്ട് അനുഭവിച്ചറിയാൻ സമൂഹത്തിന്റെ വിവിധ തലത്തിലുള്ളവർ എത്തിയിരുന്നുവെന്നും പൊതുജനങ്ങൾക്ക് ഇന്നും കൂടി ബസ് സന്ദർശിക്കാൻ അവസരമുണ്ടെന്നും മാനേജിംഗ് ഡയറക്ടർ പറഞ്ഞു. ആധുനിക വൈദ്യശാസ്ത്ര മേഖലയിൽ റോബോട്ടിക് സർജറിയുടെ പ്രാധാന്യം അനുദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ തെറ്റിദ്ധാരണകൾ നീക്കി ഇതിന്റെ പ്രയോജനങ്ങൾ, പ്രവർത്തനം എന്നിവ സംബന്ധിച്ച് സാധാരണ ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും നേരിട്ട് കണ്ട് മനസിലാക്കാനും അറിവു ലഭ്യമാക്കാനുമുള്ള അവസരം സൃഷ്ടിക്കുകയെന്നതാണ് റോബോ സമ്മിറ്റിന്റെ പ്രധാന ലക്ഷ്യമെന്ന് ഡോ. പി.വി ലൂയിസ് പറഞ്ഞു.

സാധാരണയിൽ നിന്നും വ്യത്യസ്തമായി കൂടുതൽ കൃത്യതയും സൂക്ഷ്മതയുമാണ് റോബോട്ടിക് ശസ്ത്രക്രിയ പ്രദാനം ചെയ്യുന്നത്. പലരുടെയും ധാരണ റോബോട്ടാണ് ശസ്ത്രക്രിയ ചെയ്യുന്നതെന്നാണ് എന്നാൽ ശസ്ത്രക്രിയ വിദഗ്ദനായ ഡോക്ടർ തന്നെയാണ് റോബോട്ടിനെ നിയന്ത്രിക്കുന്നത്. റോബോട്ടിന്റെ സഹായത്താൽ കൂടുതൽ കൃത്യതയോടെ ശസ്ത്രക്രിയ നടത്തുന്നുവെന്ന താണ് ഇതിന്റെ പ്രത്യേകത. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആധുനിക വൈദ്യശാസ്ത്ര രംഗത്തുണ്ടായ വിപ്ലവകരമായ ചികിൽസാ സംവിധാനമാണ് റോബോട്ടിക് ശസ്ത്രക്രിയ. പ്രായമായവർക്ക് ഏറ്റവും അനുയോജ്യമായത് റോബോർട്ടിക് സർജ്ജറിയാണ്. എത്രവലിയ സങ്കീർണ്ണതയുണ്ടെങ്കിലും റോബോട്ടിന്റെ സഹായത്താൽ സുഗമമായി സർജറി നടത്താൻ സാധിക്കും. യൂറോളജി, ഗ്യാസ്ട്രോ, ഗൈനക്ക്, ക്യാൻസർ ഉൾപ്പെടെയുള്ള ചികിൽസാ രംഗത്ത് ഏറെ അനുയോജ്യമാണിത്. റോബോട്ടിക് ശസ്ത്രക്രിയ, സാധാരണയേക്കാൾ ചെറിയ മുറിവ് മാത്രമായിരിക്കും റോബോട്ടിക് ശസ്ത്രക്രിയ വഴി ഉണ്ടാവുക, ആശുപത്രി വാസം, വേദന എന്നിവയും സാധാരണ ശസ്ത്രക്രിയകളേക്കാൾ വളരെ കുറവായിരിക്കും എന്നു മാത്രമല്ല രോഗിക്ക് വളരെ വേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്താനും റോബോട്ടിക് ശസ്ത്രക്രിയ വഴിതുറക്കും.

ആരോഗ്യവിദഗ്ദ്ധർ നയിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ, ശസ്ത്രക്രിയ സംബന്ധിച്ച വ്യക്തമായ അവബോധം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇമേജ്ഗൈഡഡ് നാവിഗേഷൻ, റിമോട്ട് അസിസ്റ്റഡ് നടപടിക്രമങ്ങൾ തുടങ്ങി ഉയർന്നു വരുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയിലൂടെ, രോഗനിർണയം, ചികിത്സ, രോഗി സുരക്ഷ എന്നിവയുടെ ഭാവിയെ റോബോട്ടിക്സ് എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിന്റെ സമഗ്രമായ അറിവ് റോബോ സമ്മിറ്റ് വഴി ലഭ്യമാകുമെന്നും ഡോ. പി. വി ലൂയിസ് വ്യക്തമാക്കി. മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷം 200 ലധികം റോബോട്ടിക് സർജറികൾ വിജയകരമായി നടത്തിയെന്നും അദ്ദേഹം പറഞ്ഞു.



മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന 'എം.ടി.എച്ച് റോബോ സമ്മിറ്റ് ' ഫ്ളാഗ് ഓഫ് മെഡിക്കൽ ട്രസ്റ്റ് ആശുത്രി മാനേജിംഗ് ഡയറക്ടർ ഡോ.പി.വി.ലൂയിസ് നിർവ്വഹിക്കുന്നു. ഡോ. ശ്യാം വിക്രം, ഡോ.സച്ചിൻ ജോസഫ്, ഡോ.ടി.സുനിൽ, ഡോ.അശോക് കുമാർ പിള്ള എന്നിവർ സമീപം




# മെഴ്സിഡസ് ബെൻസ് മെയ്ബാക്ക് ജിഎൽഎസ് ഇനി ഇന്ത്യയിൽ നിർമിക്കും

**കൊച്ചി:** മുൻനിര ആഡംബര കാർ നിർമാതാക്കളായ മെഴ്സിഡസ് ബെൻസിന്റെ അത്യാഡംബര വാഹനമായ മെയ്ബാക്ക് ജിഎൽഎസിന്റെ നിർമാണം ഇന്ത്യയിലും ആരംഭിക്കുന്നതായി കമ്പനി അറിയിച്ചു. ഇതോടെ അമേരിക്കയ്ക്ക് പുറത്ത് ഈ അത്യാഡംബര എസ് യുവി തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യ രാജ്യമായി ഇന്ത്യ മാറും. മെയ്ബാക്കിന്റെ ആഗോള വിപണികളിൽ ആദ്യ അഞ്ചിലും ഇന്ത്യ ആദ്യമായി ഇടം നേടി. 2025ൽ 19,007 വാഹനങ്ങളാണ് മെഴ്സിഡസ് ഇന്ത്യ വിറ്റത്.

ടിഇവി ടോപ് എൻഡ് സെഗ്മെൻറിൽ 11 ശതമാനവും ബിഇവി ബാറ്ററി വാഹനങ്ങളുടെ വിഭാഗത്തിൽ 12 ശതമാനവും വളർച്ച കൈവരിച്ചു. വരുമാനത്തിന്റെ കാര്യത്തിൽ 2025 എക്കാലത്തെയും മികച്ച വർഷമായിരുന്നു എഎംജി ജി63, എഎംജി സിഎൽഇ53, എഎംജി ജിഎൽസി43 എന്നീ മോഡലുകളോടെ ഉയർന്ന ഡിമാന്റ് എഎംജി വിഭാഗത്തിൽ 34 ശതമാനം വളർച്ച നേടാൻ സഹായകരമായി. ഇന്ത്യയിൽ വിൽക്കുന്ന ടോപ്എൻഡ് മെഴ്സിഡീസ് ബെൻസ് വാഹനങ്ങളിൽ 20 ശതമാനവും ഇപ്പോൾ ഇവികളാണ്. 2025ൽ വിറ്റ ഇലക്ട്രിക് കാറുകളിൽ 70 ശതമാനവും 1.25 കോടി മുതൽ 3.10 കോടി വരെ വിലയുള്ള ടോപ്എൻഡ് മോഡലുകളായിരുന്നു. ഇക്യൂഎസ് മെയ്ബാക്ക് എസ് യുവി, ഇക്യൂഎസ് എസ് യുവി, ഇക്യൂഎസ് സെഡാൻ, മെഴ്സിഡീസ്ബെൻസ് ജി580 എന്നിവയ്ക്കാണ് ആവശ്യക്കാരേറെയും. 2026ന്റെ തുടക്കത്തിൽ മെഴ്സിഡസ് ബെൻസ് മെയ്ബാക്ക് ജിഎൽഎസ് സെലിബ്രേഷൻ എഡിഷൻ കമ്പനി പുറത്തിറക്കി. 4.10 കോടി രൂപയാണ് വില. കൂടാതെ 5 സീറ്റിന്റെ ഇക്യൂഎസ് എസ്യുവി സെലിബ്രേഷൻ എഡിഷൻ 1.34 കോടി രൂപയ്ക്കും ഏഴ് സീറ്റിന്റേത് 1.48 കോടി രൂപയ്ക്കും അവതരിപ്പിച്ചിട്ടുണ്ട്. ഈ മോഡലുകൾക്ക് ഇന്ത്യയിൽ ലഭിച്ച വലിയ വിജയത്തിന്റെ ആഘോഷമായാണ് പ്രത്യേക എഡിഷനുകൾ പുറത്തിറക്കിയത്. ഇലക്ട്രിക് വാഹന ഉപഭോക്താക്കൾക്കായി എംബി.ചാർജ് പബ്ലിക് എന്ന ഏകീകൃത പബ്ലിക് ചാർജിംഗ് നെറ്റ്വർക്കും കമ്പനി അവതരിപ്പിച്ചു. 37 രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഈ നെറ്റ് വർക്ക് ഇന്ത്യയിൽ 9,000ലധികം ഡിസി ചാർജിംഗ് പോയിന്റുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

## എൻഎസ്ഇയിൽ 30 വർഷം പൂർത്തിയാക്കി കൊട്ടക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്ക് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ (എൻഎസ്ഇ) ലിസ്റ്റ് ചെയ്തതിന്റെ 30ാം വാർഷികം ആഘോഷിച്ചു.1980കളിൽ ഒരു ചെറു എൻ.ബി.എഫ്.സി ആയി ആരംഭിച്ച കൊട്ടക് ഇന്ന് ഇന്ത്യയിലെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങളിലൊന്നായി മാറി. വൈവിധ്യമാർന്ന ധനകാര്യ സേവനങ്ങളിലേക്ക് ബാങ്ക് വളർന്നത് ഇന്ത്യയുടെ മൂലധന വിപണിയുടെ ശക്തിപ്പെടലിനെയും ഡിജിറ്റൽ സംവിധാനങ്ങളുടെ വളർച്ചയെയും പ്രതിഫലിപ്പിക്കുന്നു.

ഇന്ന് ഏകദേശം 4.2 ട്രില്യൺ രൂപയുടെ മാർക്കറ്റ് ക്യാപിറ്റലൈസേഷനും, 2025 സെപ്റ്റംബർ 30നുള്ള കണക്കുപ്രകാരം 5.76 ലക്ഷം കോടി രൂപയുടെ ഉപഭോക്തൃ ആസ്തികളും, 2024-25 സാമ്പത്തിക വർഷത്തിൽ 22,126 കോടി രൂപയുടെ ലാഭവും കൊട്ടക്കിനുണ്ട്. എൻ.എസ്.ഇയിൽ 30 വർഷം പൂർത്തിയാക്കിയത് ഇന്ത്യയുടെ ശക്തമായ ധനകാര്യ വിപണികളോടൊപ്പം കൊട്ടക് നടത്തിയ യാത്രയുടെ പ്രതീകമാണെന്നും ഉപഭോക്തൃ വിശ്വാസം നേടുന്നതും സാമ്പത്തിക സേവനങ്ങളിലേക്കുള്ള പ്രവേശനം വിപുലീകരിക്കുന്നതുമാണ് തങ്ങളുടെ പ്രധാന ലക്ഷ്യമെന്നും ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ അശോക് വാസ്വാനി പറഞ്ഞു. ഇന്ത്യയുടെ മൂലധന വിപണികൾ കൂടുതൽ ആഴമുള്ളതും സുതാര്യവുമായതും സാങ്കേതികമായി പുരോഗമിച്ചതിന്റെയും ഉദാഹരണമാണ് കൊട്ടക്കിന്റെ 30 വർഷത്തെ ലിസ്റ്റിംഗ് എന്ന് എൻഎസ്ഇ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.

## ഗാലക്സി ഉപയോക്താക്കൾക്കായി പ്രത്യേക ഓഫറുമായി സാംസങ്ങും നെറ്റ്ഫ്ളിക്സും

**കൊച്ചി:** പോപ്പ് കൾച്ചറിനെ ഒരു ദശാബ്ദം സ്വാധീനിച്ച പരമ്പരയായ സ്ട്രേഞ്ചർ തിങ്സ് അവസാനിക്കുമ്പോൾ, ആരാധകർക്ക് പ്രത്യേക അനുഭവം സമ്മാനിച്ച് സാംസങ് ഇലക്ട്രോണിക്സും നെറ്റ്ഫ്ളിക്സും രംഗത്തെത്തി. 186 രാജ്യങ്ങളിലെ സാംസങ് ഗാലക്സി ഉപയോക്താക്കൾക്ക് ഗാലക്സി സ്റ്റോർ വഴി എക്സ്ക്ലൂസീവ് സ്ട്രേഞ്ചർ തിങ്സ് തീമും വാൾപേപ്പറുകളും സൗജന്യമായി ഡൗൺലോഡ് ചെയ്യാം. നെറ്റ്ഫ്ളിക്സ് ആപ്പ് ഡൗൺലോഡ് ചെയ്യുകയോ ലോഞ്ച് ചെയ്യുകയോ ചെയ്യുന്നവർക്ക് ഈ ഓഫർ പരിമിതകാലത്തേക്കാണ് ലഭ്യമാകുക. 2016ൽ അരങ്ങേറിയ സ്ട്രേഞ്ചർ തിങ്സ് നെറ്റ്ഫ്ലിക്സിനെ ലോകത്തിലെ മുൻനിര എന്റർടെയ്ൻമെന്റ് സേവനമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. സീസൺ 5, പാർട്ട്1 2025 നവംബർ 27ന് പുറത്തിറങ്ങിയതിന് പിന്നാലെ, 91 രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്തെത്തി. ആദ്യ അഞ്ച് ദിവസത്തിനുള്ളിൽ 59.6 മില്യൺ വ്യൂസ് നേടിയ ഈ സീസൺ, നെറ്റ്ഫ്ളിക്സിന്റെ ഇംഗ്ലീഷ് ഭാഷാ സീരീസുകളിലെ ഏറ്റവും ശക്തമായ ഓപ്പണിങ് പ്രകടനമായി മാറി. നെറ്റ്ഫ്ളിക്സ് ചരിത്രത്തിൽ ഒരേസമയം അഞ്ച് സീസണുകളും ഗ്ലോബൽ ടോപ്പ് 10 ലിസ്റ്റിൽ ഇടം നേടിയ ആദ്യ സീരീസെന്ന റെക്കോർഡും സ്ട്രേഞ്ചർ തിങ്സ് സ്വന്തമാക്കി.

സീസൺ 5ൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള സാംസങ്ങിന്റെ എക്സ്ക്ലൂസീവ് കണ്ടന്റുകൾ ഈ വിജയത്തിന്റെ തുടർച്ചയാണ്. ജനുവരി 12 മുതൽ ഫെബ്രുവരി 22 വരെ ലഭ്യമായ ഈ കളക്ഷനിൽ ഒരു സ്പെഷ്യൽ തീമും, ഹോക്കിൻസും അപ്സൈഡ് ഡൗണും ഉൾപ്പെടെയുള്ള പശ്ചാത്തലങ്ങളുമായി ലൈവ്ആക്ഷൻ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന അഞ്ച് വാൾപേപ്പറുകളും ഉൾപ്പെടുന്നു.

## കൂടുതൽ കണക്ടിവിറ്റിയും സൗകര്യങ്ങളും ഉറപ്പാക്കാൻ സൗദിയ– എയർ ഇന്ത്യ കോഡ്ഷെയർ

**കൊച്ചി:** എയർ ഇന്ത്യയും സൗദി അറേബ്യൻ എയർലൈനായ സൗദിയയും തമ്മിൽ കോഡ് ഷെയറിംഗ് ആരംഭിക്കുന്നു. കേരളത്തിൽ നിന്നുൾപ്പടെ സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യുന്നവർക്ക് വളരെയധികം പ്രയോജനകരമാകുന്ന ഈ കരാർ ഫെബ്രുവരി മുതൽ പ്രാബല്യത്തിൽ വരും. നേരിട്ട് സർവീസ് നടത്താൻ സാധിക്കാത്ത ഇടങ്ങളിലേക്ക് ഒന്നിലേറെ വിമാനകമ്പനികൾ സഹകരിച്ച് ടിക്കറ്റ് ലഭ്യമാക്കുന്ന സംവിധാനമാണ് കോഡ് ഷെയറിംഗെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. എയർ ഇന്ത്യയിൽ ജിദ്ദയിലേക്കോ റിയാദിലേക്കോ പോകുന്ന യാത്രക്കാർക്ക് ഒറ്റ ടിക്കറ്റിൽ അവിടെ നിന്നും സൗദിയ ഓപ്പറേറ്റ് ചെയ്യുന്ന വിമാനങ്ങളിലൂടെ ദമാം, അബഹ, ഗസ്സിം, ജിസാൻ, മദീന, തായിഫ് എന്നിവിടങ്ങളിലേക്ക് കണക്ഷൻ വിമാനങ്ങൾ ലഭിക്കും. ജിദ്ദ-റിയാദ് റൂട്ടിൽ കോഡ്ഷെയർ വിമാനങ്ങൾ കൂടി ഉൾപ്പെടുത്തിയതോടെ ഒരു നഗരത്തിൽ എത്തി മറ്റൊരു നഗരത്തിൽ നിന്ന് മടങ്ങാനുള്ള സൗകര്യവും യാത്രക്കാർക്ക് ലഭിക്കും. തിരഞ്ഞെടുത്ത ചില അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള കണക്ഷനുകളും ഈ വർഷം ആരംഭിക്കും. മുംബൈ, ഡൽഹി വഴി ഇന്ത്യയിലെത്തുന്ന സൗദിയയുടെ യാത്രികർക്ക് അവിടുന്ന് കൊച്ചി, അഹമ്മദാബാദ്, ബംഗളൂരു, കൽക്കത്ത, ഹൈദരാബാദ്, ചെന്നൈ, ലഖ്നൗ, ജയ്പൂർ ഉൾപ്പടെ 15ലധികം ഇടങ്ങളിലേക്ക് ഇന്റർലൈൻ സംവിധാനത്തിലൂടെ യാത്ര ചെയ്യാനാകും.



# കൈറ റെസ്റ്റോറന്റ് തുറന്ന് ഹോളിഡേ ഇൻ

**കൊച്ചി:** ഗ്രീക്ക്, പേർഷ്യൻ രുചികളുമായി കൈറ ഹൈ എനർജി പ്രീമിയം റെസ്റ്റോറന്റ് കൊച്ചി ഹോളിഡേ ഇന്നിൽ പ്രവർത്തനമാരംഭിച്ചു. കൈറയുടെ വരവോടെ വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളോടെ കൊച്ചിയുടെ രാപകലുകൾ കൂടുതൽ വർണ്ണാഭമാകും. ഉദ്ഘാടനച്ചടങ്ങിൽ തമിഴ് നടൻ ആര്യ, നടിമാരായ അദിതി രവി, നയൻതാര ചക്രവർത്തി, ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനീസ് സ്ഥാപകനും ചെയർമാനുമായ ഗോകുലം ഗോപാലൻ, മാനേജിംഗ് ഡയറക്ടർ ബൈജു ഗോപാലൻ, വൈസ് ചെയർമാൻ പ്രവീൺ എന്നിവരും സമൂഹത്തിന്റെ വിവിധ തുറകളിലെ വിശിഷ്ടാതിഥികളും പങ്കെടുത്തു. പേർഷ്യൻ, മിഡിലീസ്റ്റ് രുചികളിൽ പ്രാവീണ്യമുള്ള ഷെഫ് സുബിമോനാണ് പ്രധാന ഷെഫ്. എണ്ണായിരം ചതുരശ്ര അടിയിൽ സജ്ജമാക്കിയിരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഇന്റർ നാഷണൽ സ്പെഷ്യാലിറ്റി റെസ്റ്റോറന്റായ കൈറയിൽ വിസ്തൃതമായ ഓപ്പൺ ഏരിയ, വിശാലമായ ഇരിപ്പിട സൗകര്യം, നവീനമായ സ്വകാര്യ ഡൈനിംഗ് ഏരിയ തുടങ്ങി നിരവധി പ്രത്യേകതകളുണ്ട്. പേർഷ്യൻ, മെഡിറ്ററേനിയൻ സംസ്കാരങ്ങളുടെ സംഗമ കേന്ദ്രമായ കൊച്ചിയുടെ സാംസ്കാരിക പൈതൃകമാണ് കൈറയുടെ പ്രചോദനമെന്ന് ഹോളിഡേ ഇൻ ജനറൽ മാനേജർ ഫിനോ ബാബു പറഞ്ഞു. എന്നും പുതിയ അഭിരുചികൾ സ്വാഗതം ചെയ്തിട്ടുള്ള കൊച്ചിയിലെ ഏറ്റവും പ്രധാനപ്പെട്ട ഡൈനിംഗ് ഡെസ്റ്റിനേഷനായിരിക്കും കൈറയെന്നും അദ്ദേഹം പറഞ്ഞു.

# എരൂർ ഭവൻസ് വിദ്യാമന്ദിറിൽ സയൻസ് പാർക്ക് തുറന്നു

**കൊച്ചി:** വിദ്യാർത്ഥികളിൽ ശാസ്ത്രീയ കൗതുകവും അന്വേഷണ മനോഭാവവും വളർത്തുന്നതിനായി ഭവൻസ് വിദ്യാമന്ദിർ, എരൂരിൽ സ്ഥാപിച്ച പുതിയ സയൻസ് പാർക്ക് 'വിജ്ഞാൻ വാടിക' ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ, കൊച്ചി കേന്ദ്രം ചെയർമാൻ സി. എ. വേണുഗോപാൽ സി. ഗോവിന്ദ് ആണ് ഉദ്ഘാടനം നിർവഹിച്ചത്. അനുഭവാധിഷ്ഠിത പഠനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന ഈ സംരംഭം,സ്കൂൾ കാമ്പസിൽ കിൻഡർ ഗാർഡൻ മുതൽ സെക്കൻഡറി വിഭാഗം വരെ വ്യാപിച്ചിരിക്കുന്നതാണ്.

പി.ടി.എയുടെ നേതൃത്വ ത്തിൽ പിന്തുണയോടെ ഒരുക്കിയ സയൻസ് പാർക്കിൽ ഇൻഫിനിറ്റി വെൽ, പ്ലാനിറ്റോറിയം സ്കൈ പ്രൊജക്ഷൻ,സൺ ഡയൽ, പെരിസ്കോപ്പ്, വേവ് പെൻറുലം, പീരിയോഡിക് ടേബിൾ, ന്യൂട്ടൺസ് കളർ ഡിസ്ക്, ഡി.എൻ.എ മാതൃക, മ്യൂസിക്കൽ ട്യൂബ്, ഓപ്റ്റിക്കൽ ഇല്ല്യൂഷൻ ക്യൂബ്, മിറർ സെറ്റ് , എന്നിവ ഉൾപ്പെടെ ശാസ്ത്രീയ ആശയങ്ങൾക്ക് ജീവൻ നൽകുന്ന നിരവധി ആകർഷക പഠനോപകരണങ്ങൾ വിവിധ സ്ഥലങ്ങളിലായി സജ്ജീകരിച്ചിരിക്കുന്നു. പഠനം ക്ലാസ് മുറികളിൽ മാത്രം പരിമിതപ്പെടുത്താതെ, നിരീക്ഷണവും പരീക്ഷണവും അന്വേഷണവും പ്രോത്സാഹിപ്പിക്കുന്ന സജീവമായ പഠനവേദിയായിട്ടാണ് വിജ്ഞാൻ വാടിക രൂപകൽപ്പന ചെയ്തിരിക്കുന്നത്.



ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ്,ഡയറക്ടർ ഇ. രാമൻകുട്ടി, ഡെപ്യൂട്ടി ഡയറക്ടർ കെ.സുരേഷ്, അക്കാദമിക് കോ ഓഡിനേറ്റർ സുനിത എസ്, എജ്യുക്കേഷൻ ഓഫീസർ സുകുമാരി മേനോൻ പ്രിൻസിപ്പൽപാർവതി ഇ, കൊടുങ്ങല്ലൂർ സയൻസ് സെന്റർ ഡയറക്ടർ ശ്രീജിത്ത് വി എസ്, വൈസ് പ്രിൻസിപ്പൽമാർ, പി.ടി.എ പ്രസിഡന്റ് ശ്രീകാന്ത് എസ്, മറ്റു പിടിഎ ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഷാഡോഫാക്സ് ടെക്നോളജീസ് ഐപിഒ ജനുവരി 20 മുതൽ

**കൊച്ചി:** ഷാഡോഫാക്സ് ടെക്നോളജീസ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) ജനുവരി 20 മുതൽ 22 വരെ നടക്കും. ഐപിഒയിലൂടെ 1,907.27 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 907.27 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 118 മുതൽ 124 രൂപ വരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 120 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 120 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## കാൻസർ ബോധവൽക്കരണം: മുംബൈ മാരത്തണിൽ കോർപ്പറേറ്റ് സംഘത്തെ അണിനിരത്തി എച്ച്ഡിഎഫ്സി ബാങ്ക് പരിവർത്തൻ

**കൊച്ചി:** കാൻസർ ബോധവത്കരണവും നേരത്തെയുള്ള രോഗനിർണയവും ലക്ഷ്യമിട്ട് ടാറ്റ മുംബൈ മാരത്തൺ 2026ൽ എച്ച്ഡിഎഫ്സി ബാങ്ക് തന്റെ സിഎസ്ആർ പദ്ധതിയായ പരിവർത്തൻ വഴി ഏകദേശം 1,500 ജീവനക്കാരെ പങ്കെടുപ്പിക്കും. ഇന്ത്യൻ കാൻസർ സൊസൈറ്റിയുമായി സഹകരിച്ചാണ് ജീവനക്കാരും അണിനിരത്തുന്നത്.

ആരോഗ്യവും ശുചിത്വവും കേന്ദ്രീകരിച്ചുള്ള പരിവർത്തൻ പദ്ധതിയുടെ ഭാഗമായി പ്രതിരോധ ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുകയും ആരോഗ്യബോധം വളർത്തുകയും ചെയ്യുകയാണ് ലക്ഷ്യം. നേരത്തെ കണ്ടെത്തുന്ന കാൻസറുകൾക്ക് ഫലപ്രദമായ ചികിത്സ സാധ്യമാണെന്ന സന്ദേശം പ്രചരിപ്പിക്കുന്നതാണ് ഈ സഹകരണം. മാരത്തണിൽ യുവ കാൻസർ ജയിച്ചവരെ ഉൾപ്പെടെ 100ലധികം പേർ അടങ്ങുന്ന ഐസിഎസ് സംഘവും പങ്കെടുക്കും.

## മുത്തൂറ്റ് ബിസിനസ് സ്കൂളിൽ പി.ജി.ഡി.എം രണ്ടാം ഘട്ട പ്രവേശനം; ജനുവരി 21 വരെ അപേക്ഷിക്കാം

**കൊച്ചി:** മുത്തൂറ്റ് ഗ്രൂപ്പിന് കീഴിലുള്ള മുത്തൂറ്റ് ബിസിനസ് സ്കൂളിൽ (എം.ബി.എസ്) 2026–28 അധ്യയന വർഷത്തേക്കുള്ള പി.ജി.ഡി.എം രണ്ടാം ഘട്ട പ്രവേശനം ആരംഭിച്ചു. ജനുവരി 21 വരെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. 2026ൽ ബിരുദപഠനം പൂർത്തിയാക്കുന്നവർക്കും CAT, MAT, XAT പരീക്ഷകളിൽ നിശ്ചിത സ്കോർ നേടിയവർക്കും അപേക്ഷിക്കാം. രണ്ടാം ഘട്ട അഡ്മിഷൻ റൗണ്ടുകൾ ജനുവരി 27, 28 തീയതികളിൽ നടക്കും. മുത്തൂറ്റ് ബിസിനസ് സ്കൂൾ നടത്തുന്ന പ്രത്യേക സെലക്ഷൻ ടെസ്റ്റ്, പാനൽ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ.18 വിദേശ സർവകലാശാലകളുമായി ആഗോള സഹകരണവും മുത്തൂറ്റ് ബിസിനസ് സ്കൂളിനുണ്ട്. എഐസിടിഇ അംഗീകാരമുള്ള രണ്ടു വർഷത്തെ പിജിഡിഎം കോഴ്സാണ് എം.ബി.എസ് അവതരിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നതിനായി കോഴ്സിന്റെ ഭാഗമായി പ്രീപി.ജി.ഡി.എം പെയ്ഡ് ഇന്റേൺഷിപ്പ് സൗകര്യവും ലഭ്യമാണ്. ആദ്യ സെമസ്റ്ററിൽ മുത്തൂറ്റ് ഗ്രൂപ്പിനൊപ്പം പ്രതിമാസം 25,000 രൂപ സ്റ്റൈപ്പൻഡോടുകൂടിയ മൂന്നു മാസത്തെ ഇന്റേൺഷിപ്പിനും തുടർന്നുള്ള സെമസ്റ്ററുകളിൽ മറ്റ് മുൻനിര സ്ഥാപനങ്ങളിൽ പെയ്ഡ് ഇന്റേൺഷിപ്പ് ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകും. ലൈവ് ഇൻഡസ്ട്രി പ്രൊജക്ടുകൾ, സിഎക്സ്ഒ നേതൃത്വത്തിലുള്ള മെന്റർഷിപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവയും കോഴ്സിന്റെ ഭാഗമായി ലഭിക്കുന്നതാണെന്ന് മുത്തൂറ്റ് കമ്പനി അധികൃതർ അറിയിച്ചു.

## ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ്, സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, 6 മാസം, 3 മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ പാർടൈം ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.യോഗ്യത : എസ്.എസ്.എൽ.സി,പ്ലസ് ടു,ഡിഗ്രി, ഫോൺ: 7994926081




# വിഗാർഡ് നാരിശക്തി: വനിതകൾക്ക് കൈത്താങ്ങുമായി വിഗാർഡ്

**കൊച്ചി:** വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടപ്പാക്കിയ നാരിശക്തി പദ്ധതിയുടെ ആദ്യഘട്ടമായി സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന 44 വനിതകൾക്ക് തയ്യൽ മെഷീനുകളും ബ്യൂട്ടീഷ്യൻ കിറ്റുകളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. വിഗാർഡ് ഫൗണ്ടേഷൻ ഡയറക്ടർ ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളി വിതരണോദ്ഘാടനം നിർവ്വഹിച്ചു. വിധവകളും സിംഗിൾ മദേഴ്സുമായ 100 വനിതകളെ സ്വയംതൊഴിലിലേക്ക് കൈപിടിച്ചുയർത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സഹൃദയ വെൽഫെയർ സർവീസസുമായി ചേർന്ന് നടത്തിയ ഈ 150 മണിക്കൂർ നീളുന്ന പരിശീലന പരിപാടിയിലൂടെ തയ്യൽ, ബ്യൂട്ടീഷ്യൻ മേഖലകളിലാണ് ആദ്യ ഘട്ടത്തിൽ പരിശീലനം നൽകിയത്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ ഭാഗമായ വനിതകൾക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. നാരിശക്തി പദ്ധതിയുടെ രണ്ടാം ഘട്ടം മേയർ അഡ്വ. വി.കെ. മിനിമോൾ പൊന്നുരുന്നി സഹൃദയയിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. പിന്നോക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്തേണ്ടതും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതും സമൂഹത്തിന്റെ കടമയാണെന്നും നാരിശക്തി പരിപാടിയിൽ പങ്കെടുത്തവർ സ്വന്തം കഴിവുകൾ തെളിയിച്ച് കൂടുതൽ ആളുകൾക്ക് താങ്ങായി മാറുമെന്നാണ് പ്രതീക്ഷയെന്നും അഡ്വ. വി.കെ. മിനിമോൾ പറഞ്ഞു.

ആദ്യ ഘട്ടം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ഡോ. റീന മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. പദ്ധതിയുടെ ഭാഗമായ സ്ത്രീകളുടെ ജീവിതത്തിൽ വ്യക്തമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. അവരുടെ ആത്മവിശ്വാസവും സാമ്പത്തിക സ്വയംപര്യാപ്തതയും വർധിച്ചതാണ് രണ്ടാം ഘട്ടം ആരംഭിക്കാൻ പ്രേരിപ്പിച്ചതെന്നും രണ്ടാം ഘട്ടത്തിൽ 20 വിധവകൾക്കും സിംഗിൾ മദേഴ്സിനുമായി സൗജന്യ ബേക്കിംഗ് പരിശീലനമാണ് ആരംഭിക്കുന്നത്. വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് എ. ശ്രീകുമാർ, വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചീഫ് ഓഫീസർ സി.എസ്.ആർ കെ. സനീഷ്, സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, അസി. എക്സ്ക്യൂട്ടീവ് ഡയറക്ടർ ഫാ. സിബിൻ തോമസ്, ഡബ്ല്യു.എസ്.ഇ അസോസിയേറ്റ് ഡയറക്ടർ ഡോ. ആന്റണി ചേരന്തുരുത്തി തുടങ്ങിയവർ പങ്കെടുത്തു.

# നേട്ടം കൈവരിച്ച് ലെക്സസ് ഇന്ത്യ

**കൊച്ചി :** ശക്തമായ വളർച്ചയോടെയാണ് ലെക്സസ് ഇന്ത്യ 2025 കലണ്ടർ വർഷം അവസാനിപ്പിച്ചത്. അൾട്രാലക്സറി മോഡലുകളായ എൽഎംയും എൽഎക്സ്യും ചേർന്ന് 50 ശതമാനം വർഷാന്തര വളർച്ച കൈവരിച്ചു. കമ്പനിയുടെ മൊത്തം വിൽപ്പനയിൽ ഏകദേശം 19 ശതമാനം വിൽപനയും ഈ രണ്ട് വാഹനങ്ങളായിരുന്നു നിർവ്വഹിച്ചത്. ലക്ഷ്വറി എസ്‌യുവി വിഭാഗത്തിലെ ആർഎക്സ് മോഡലും മികച്ച മുന്നേറ്റം കാഴ്ചവെച്ചു; 18 ശതമാനം വളർച്ചയും 22 ശതമാനം വിൽപ്പന പങ്കാളിത്തവും നേടി. അത്യുന്നത ആഡംബരവും സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന ലെക്സസ് എൽഎം 350എച്ച് ഇന്ത്യൻ വിപണിയിൽ വലിയ സ്വീകാര്യത നേടുന്നതായി കമ്പനി വ്യക്തമാക്കി

# പുതിയ ക്യാമ്പയിൻ അവതരിപ്പിച്ച് സിഗ്നിഫൈ

**കൊച്ചി:** ഇക്കോളിങ്ക് ബ്രാൻഡിന്റെ പുതിയ ക്യാമ്പയിനായ ഫാൻസ് റീഇമാജിൻഡ് സിഗ്നിഫൈ പുറത്തിറക്കി. നടിയും ബ്രാൻഡ് അംബാസഡറുമായ രശ്മിക മന്ദാനയാണ് ക്യാമ്പയിന്റെ മുഖം. ആധുനിക ഉപഭോക്താക്കളുടെ ജീവിതശൈലിക്ക് അനുയോജ്യമായ ഡിസൈൻ, ഉയർന്ന പ്രകടനം, ഊർജക്ഷമത എന്നിവയുടെ സമന്വയമാണ് ക്യാമ്പയിൻ മുന്നോട്ടുവയ്ക്കുന്നത്. ആകർഷകമായ ഇന്റീരിയർ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന പരസ്യചിത്രം, ഇക്കോളിങ്ക് ഫാനുകളെ വ്യക്തിപരമായ സ്റ്റൈലിന്റെ ഭാഗമായാണ് അവതരിപ്പിക്കുന്നത്. എയർഒഎലിവേറ്റ്, എയർഒകാഡ് തുടങ്ങിയ മോഡലുകളിലായി ഉയർന്ന വേഗതയും മികച്ച വായു പ്രവാഹവും നൽകുന്ന ബിഎൽഡിസി സാങ്കേതികവിദ്യയോടെയാണ് ഫാൻ ശ്രേണി സജ്ജീകരിച്ചിരിക്കുന്നതെന്ന് സിഗ്നിഫൈ കമ്പനി അധികൃതർ അറിയിച്ചു.

## കെഎംഎ വാർഷിക മാനേജ്മെന്റ് കൺവൻഷൻ

# പരിഹാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം




**കൊച്ചി:** പരിഹാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് മുൻ ഹാബിറ്റാറ്റ്3 യു.എൻ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ കുമരേശ് സി.മിശ്ര പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) നാൽപ്പത്തി മൂന്നാമത് വാർഷിക മാനേജ്മെന്റ് കൺവൻഷൻ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമ്പത്തിക മേഖല ആഗോള തലത്തിൽ ഒട്ടേറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. പക്ഷേ സാമ്പത്തികമായി ഇന്ത്യ കരുത്താർജിച്ചിട്ടുണ്ട്. നിർമിത ബുദ്ധി ഉപയോഗപ്പെടുത്തി മികച്ച ഭാവിയിലേക്ക് ലക്ഷ്യമിടണം.

ടൂറിസം, ആരോഗ്യം, നോളഡ്ജ് കേന്ദ്രങ്ങൾ എന്നിവയിലൂടെ കേരളത്തിന് കൂടുതൽ മുന്നേറാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്ര സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അനന്ത നാഗേശ്വരൻ മുഖ്യപ്രഭാഷണം നടത്തി. ദീർഘകാല വളർച്ചയും സാമ്പത്തിക അച്ചടക്കവും ഉറപ്പാക്കിയുള്ള സാമ്പത്തിക വളർച്ചയാണ് അഭികാമ്യമെന്നു അദ്ദേഹം പറഞ്ഞു. ജോർജ് അലക്സാണ്ടർ മുത്തൂറ്റ് (മുത്തൂറ്റ് ഫിനാൻസ് ), സി.ജെ ജോർജ് (ജിയോജിത്), മധു എസ്. നായർ (കൊച്ചിൻ ഷിപ്പ്‌യാർഡ്) , എം. പി അഹമ്മദ് (മലബാർ ഗ്രൂപ്പ്) എന്നിവരെ ട്രാൻസ്ഫർമേഷൻ ഐക്കൺസ് ഓഫ് കേരളയായി ചടങ്ങിൽ ആദരിച്ചു. ഇവരെ പങ്കെടുപ്പിച്ചു നടന്ന റൗണ്ട് ടേബിൾ സെഷനിൽ വേണുഗോപാൽ സി ഗോവിന്ദ് മോഡറേറ്ററായിരുന്നു.

കെ.എം.എ പ്രസിഡന്റ് കെ.ഹരികുമാർ അധ്യക്ഷത വഹിച്ചു. ക്ളെയ് സിസ് ടെക്നോളജീസ് സിഎംഡി വിനോദ് തരകൻ പ്രസംഗിച്ചു. കെ.എം.എസ് റോൾ ഇൻ ദി ട്രാൻസ്ഫർമേഷൻ ഓഫ് കേരളാ മാനേജ്മെന്റ് ലാൻഡ്സ്കേപ് എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സുനിൽ സക്കറിയ മോഡറേറ്ററായിരുന്നു. സിയാൽ എം.ഡി എസ്. സുഹാസ് മുഖ്യപ്രഭാഷണം നടത്തി. പ്രസാദ് കെ .പണിക്കർ, ദിനേശ് തമ്പി, കെ. ഹരികുമാർ എന്നിവർ സംസാരിച്ചു. യുവ മാനേജർമാർക്കും യുവ സംരംഭകർക്കുമായി സംഘടിപ്പിച്ച യങ് മൈൻഡ്സ് സമ്മിറ്റ് മുൻ ചീഫ് സെക്രട്ടറി ടോം ജോസ് ഉദ്ഘാടനം ചെയ്തു. ശരത് ബാബു ഏഴുമലൈ മുഖ്യാതിഥിയായിരുന്നു. പ്രൊഫ. ഹെലെ ഹാരിസൺ മുഖ്യ പ്രഭാഷണം നടത്തി. വിവിധ പാനൽ സെഷനുകളിൽ ബിബു പുന്നൂരാൻ, അൽത്താഫ് ജഹാംഗീർ, മീന തോമസ്, ദീപു സേവ്യർ, അതുൽ റാം, ഡോ.കല്യാണി വല്ലത്ത്, അനൂപ് അംബിക, സുശാന്ത് കുരുന്തിൽ, ടോം ജോസഫ് എന്നിവർ സംസാരിച്ചു.

